# Prayers for Great lent 7 session.
# വലിയനോമ്പിലെ നമസ്കാരം
### ഒമ്പതാം മണിയുടെ നമസ്കാരം.
### ഒരു കൗമോ നമസ്കരിക്കണം.

കാരുണ്യവാനായ കർത്താവേ വലത്തുഭാഗത്തു ഇരിക്കുവാൻ എല്ലാവരും ആഗ്രഹിക്കുന്ന ആ ദിവസത്തിൽ ഞങ്ങളെ നിന്റെ സന്നിധിയിൽനിന്നു തള്ളിക്കളയരുതേ. നിന്റെ ശരീരവും രക്തവും ഞങ്ങളിൽ സ്ഥിതിചെയ്യുന്നതുകൊണ്ടു ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു നീ ഞങ്ങളോടു കൽപിക്കരുതെ. ഞങ്ങൾ കൈക്കൊണ്ടിട്ടുള്ള മാമോദീസാ ഞങ്ങൾക്കു മുങ്ങിപ്പോകാത്ത കപ്പലായിത്തീർന്നിട്ടു അതിനാൽ ഞങ്ങൾ അഗ്നിക്കടലിനെ കടന്നു നിന്റെ കൃപയാൽ ജീവിക്കുമാറാകണമെ. **ബാറക്മോർ.**

കർത്താവേ ഞങ്ങളുടെ പാപങ്ങൾ ഞങ്ങളെ മൂടിയിരിക്കുന്നു. ഞങ്ങൾ ചെയ്തുപോയ കുറ്റങ്ങൾ എപ്പോഴും ഞങ്ങളുടെ നേരെ നിൽക്കുന്നു. ഞങ്ങൾ എങ്ങനെ സ്വർഗ്ഗത്തിലേയ്ക്കു നോക്കി മോചനത്തെ അപേക്ഷിക്കേണ്ടു. പാപിനിയായ സ്ത്രീയെപ്പോലെ ഞങ്ങൾ നിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ടു നിന്റെ വാതിൽക്കൽ മുട്ടിവിളിക്കുന്നു.ഞങ്ങളോടു ഉത്തരമരുളിചെയ്തു ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരം നൽകണമേ. മൊറിയോ.
കാരുണ്യവാനായ ദൈവമെ ഞങ്ങളിൽനിന്നു നിന്റെ തിരുമുഖത്തെ തിരിച്ചുകളയരുതെ. ഞങ്ങളുടെ പ്രാർഥനകളെ നിരസിച്ചുകളയരുതെ. ഞങ്ങളെ കൈവിട്ടുകളയരുതെ. ഞങ്ങൾ നിന്നിൽ മാത്രം ആശ്രയിക്കുന്നു. നിന്റെ കൃപ ഞങ്ങളെ രക്ഷിക്കുമാറാകണമെ. കർത്താവേ ഞങ്ങൾ പാപച്ചെളിയിൽ മുങ്ങിക്കിടക്കുന്നു. നിന്റെ വെടിപ്പുള്ള സോപ്പായാൽ ഞങ്ങളെ തളിക്കണമെ. ഞങ്ങളുടെ മലിനതകളെ കൃപയോടെ കഴുകിക്കളയേണമേ. ഞങ്ങൾ നിനക്കുള്ളവരായിരിപ്പാനും നിന്റെ ഇഷ്ടപ്രകാരം നടപ്പാനും ന്യായവിധിയുടെ ദിവസത്തിൽ നിന്റെ വലതുഭാഗത്തു നിന്നുകൊണ്ടു സ്തുതി പാടുവാനും യോഗ്യരായിത്തീരുകയും ചെയ്യേണമെ. ആമ്മീൻ.
(രണ്ടു കൗമോകൾ നമസ്കരിക്കണം.)
സന്ധ്യ നമസ്കാരം ഇവിടെ ആരംഭിക്കണം.

## 2
# സന്ധ്യ നമസ്കാരം

(140, 141, 118, 116 എന്നീ സങ്കീർത്തനങ്ങൾ ചൊല്ലണം)

കുറിയേലായിസ്സോൻ.

കർത്താവേ ഞാൻ നിന്നെവിളിച്ചുവല്ലോ എന്നോടുത്തരമരുളിച്ചെയ്യേണമേ. എന്റെ വചനങ്ങളെ സൂക്ഷിച്ചു കേട്ടു കൈക്കൊള്ളുകയും ചെയ്യേണമേ .എന്റെ പ്രാർഥന നിന്റെ മുമ്പാകെ ധൂപം പോലെയും എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടു പോലെയും ഇരിക്കു മാറാകണമെ. എന്റെ ഹൃദയം ദുഷ്ക്കാര്യത്തിനു ചായാതെയും ഞാൻ അന്യായക്രിയകൾ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കും എന്റെ അധരങ്ങൾക്കും കാവൽക്കാരെ നിയമിക്കണമെ .

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതെ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർഥന അവരുടെ ദോഷം നിമിത്തമാകുന്നു അവരുടെ വിധികർത്താക്കൾ . പാറയാൽ തടയപ്പെട്ടു എന്റെ വചനങ്ങൾ ഇമ്പമുള്ളത് എന്നവർ . കേൾക്കട്ടെ.

ഭൂമിയെ പിളർക്കുന്ന കൊഴുവുപോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ ഞാൻ എന്റെ കണ്ണുകളെ . നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ .എനിക്കായി കണികൾ മറച്ചുവച്ചിട്ടുള്ള പരിഹാസികളുടെ കയ്യിൽ നിന്നു എന്നെ കാത്തുകൊള്ളേണമെ. ഞാൻ കടന്നുപോകുമ്പോൾ അന്യായക്കാർ അവരുടെ കെണികളിൽ ഒരുമിച്ചു വീഴട്ടെ. എന്റെ. ശബ്ദത്താൽ ഞാൻ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോടു പ്രാർഥിച്ചു അവന്റെ മുമ്പാകെ . ഞാൻ എന്റെ ഞെരുക്കം അറിയിക്കുകയും ചെയ്തു എന്റെ ആത്മാവു വിഷാദിച്ചിരിക്കുമ്പോൾ നീ എന്റെ ഊടുവഴികൾ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചുവച്ചു . ഞാൻ വലത്തോട്ടു നോക്കി. എന്നെ അറിയുന്നവനില്ലെന്നു ഞാൻ കണ്ടു . സങ്കേതസ്ഥലം എനിക്കില്ലാതെയായിഎന്റെ ദേഹിക്കുവേണ്ടി പകരം . ചോദിക്കുന്നവനും ഇല്ല. കർത്താവേ ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു . കർത്താവേ ജീവിച്ചിരിക്കുന്നവരുടെ ദേശത്തു എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്നു ഞാൻ പറഞ്ഞു ഞാൻ ഏറ്റവും . എളിമപ്പെട്ടിരിക്കുന്ന തുകൊണ്ടു എന്റെ അപേക്ഷയെ സൂക്ഷിച്ചു കേൾക്കണമേ എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ . ബലവാന്മാരായതുകൊണ്ടു അവരിൽ നിന്നു എന്നെ രക്ഷിക്കണമേ .

ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്യുവാനായിട്ടു എന്റെ പ്രാണനെ കാരാഗ്രഹത്തിൽ നിന്നു വിടുവിക്കണമെ. നീ എനിക്കു ഉപകാരം ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എന്നെ പ്രതീക്ഷിച്ചിരിക്കും. നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും എന്റെ ഊടുവഴികൾക്കു പ്രകാശവുമാകുന്നു. നിന്റെ നീതിയുള്ള വിധികൾ ആചരിപ്പാനായിട്ടു ഞാൻ ആണയിട്ടു നിശ്ചയിച്ചു .

ഞാൻ ഏറ്റവും ക്ഷീണിച്ചു, കർത്താവേ നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമെനിന്റെ . ന്യായങ്ങളിൽ നിന്നു എന്നെ പഠിപ്പിക്കണമെ. എന്റെ ദേഹി എല്ലായ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു.

നിന്റെ വേദപ്രമാണം ഞാൻ മറന്നില്ല. പാപികൾ എനിക്കായിട്ടു കെണികൾ വച്ചു എന്നാലും ഞാൻ നിന്റെ കൽപനകളിൽ നിന്നും . .മാറിപ്പോയില്ല നിന്റെ സാക്ഷിയെ എന്നേക്കും അവകാശമായി സ്വീകരിച്ചു . എന്തെന്നാൽ അതു എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു നിന്റെ കൽപനകൾ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ടു ഞാൻ എന്റെ ഹൃദയം തിരിച്ചു.
സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ സകല ജനങ്ങളുമേ അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ടു എന്നേക്കും കർത്താവാകുന്നു ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു .**ബാറക്മോർ.**

തന്റെ പരിശുദ്ധതയ്ക്ക ഭംഗമില്ലാതിരിയ്ക്കെ ഞങ്ങൾക്കുവേണ്ടി നോമ്പു നോറ്റവനായ മശിഹാ! നിനക്ക് ഇഷ്ടമാകുന്ന പ്രകാരം നോമ്പു നോൽപാൻ ഞങ്ങൾക്ക കൃപ ചെയ്യണമേ.

എല്ലാ സൃഷ്ടികളേയും പോറ്റുന്നവനായിരിക്കെ ഞങ്ങളുടെ രക്ഷയ്ക്ക വേണ്ടി വനത്തിൽ വച്ച് വിശന്നവനായ കർത്താവേ! വയറിനെ സ്നേഹിക്കാതെ നോമ്പുനോൽപാൻ ഞങ്ങളെ യോഗ്യരാക്കണമെ.

നോമ്പു സാത്താനോടു യുദ്ധം ചെയ്വാനുള്ള പ്രധാന ആയുധമാകുന്നു.മോശയും ഏലിയാവും നമ്മുടെ കർത്താവും നാൽപതു ദിവസം നോമ്പു നോറ്റു.നോമ്പാലും പ്രാർഥനയാലും സാത്താനെ ജയിപ്പാൻ ഞങ്ങളെ പഠിപ്പിച്ച മശിഹാതമ്പുരാനു സ്തുതി.

ദൈവമെ ഞങ്ങളുടെ കടങ്ങൾക്ക പരിഹാരമുണ്ടാക്കണമെ. ഞങ്ങളുടെ അകൃത്യങ്ങളെയെല്ലാം മോചിക്കണമെ. ഞങ്ങൾ പാപം ചെയ്ത് നിന്നെ കോപിപ്പിച്ചിരിക്കുകയാൽ പാപിനിയായ സ്ത്രീയെ പ്പോലെ ഞങ്ങൾ നിന്റെ അടുക്കൽ നിലവിളിക്കുന്നു.

മനുഷ്യസ്നേഹമുള്ളവനെ ഞങ്ങളെ കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യണമെ. നീ വലിയ മഹത്വത്തോടെ എഴുന്നെള്ളുന്ന ദിവസത്തിൽ നിന്റെ ശുദ്ധിമാന്മാരോടുകൂടെ നിന്റെ കൃപയ്ക്ക ഞങ്ങൾ സ്തുതി പാടുമാറാകണമെ.

ആത്മാവും ശരീരവും ഒരുമിച്ചു നോമ്പു നോൽക്കേണ്ടിയിരിക്കു ന്നതിനാൽ ശരീരം ഭക്ഷണത്തെ വെടിയുമ്പോൾ ആത്മാവ് തിന്മകളേയും വെടിയേണ്ടതാകുന്നു.ദുർവിചാരങ്ങളേ വെടിയാതെ ഭക്ഷണത്തെ മാത്രം വെടിഞ്ഞിട്ടുള്ള നോമ്പ് വ്യർത്ഥമായിട്ടുള്ളതാകുന്നു. കർത്താവെ! ആത്മാവിലും ശരീരത്തിലും ശരിയായിട്ടു നോമ്പു നോൽപാൻ നിന്റെ കൃപ ഞങ്ങൾക്ക് സഹായമായിരിക്കണമെ.

മോറാനേശ്ശുമശിഹാ നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരേ നീ അടയ്ക്കരുതേ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ. കർത്താവേ നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞു പോകുവാനായിട്ടു നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്നു ഞങ്ങളുടെ അടുക്കലേക്ക നിന്നെ ഇറക്കിക്കൊണ്ടുവന്നു ഞങ്ങളോടുകരുണയുണ്ടാകണമേ.

(രണ്ടു കൗമ്മോ നമസ്കരിക്കണം.)

(3)സൂത്താറനമസ്കാരം.

ഉയരങ്ങളിൽ ദൈവത്തിനു സ്തുതി.ഭൂമിയിൽ സമാധാനവും നിരപ്പും,
മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ
(മൂന്നുതവണഈപ്രാർഥനചൊല്ലികുമ്പിടണം.)

4-)0സങ്കീർത്തനം.

ബാറക്ക്മോർ. എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷകനുമായുള്ളോവെ! ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എന്നോടുത്തരമരുളിചെയ്യതു്.

ബാറക്ക്മോർ. എന്റെ ഞെരുക്കങ്ങളിൽ നീ എന്നെ ആശ്വസിപ്പിച്ചു. നീ എന്നോടു കരുണ ചെയ്ത്.എന്റെ പ്രാർത്ഥനയെ കേൾക്കണമേ.

മനുഷ്യപുത്രന്മാരേ! നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മറയ്ക്കുകയും വ്യർത്ഥത്തെ സ്നേഹിക്കുകയും വ്യാജത്തെ അന്വേഷിക്കുകയും ചെയ്യുന്നു എന്നേക്കുമായിട്ടോ?.

കർത്താവു് അത്ഭുതത്താൽ തെരഞ്ഞെടുക്കപ്പെട്ടവനെ തനിയ്ക്കായിട്ടു വേർതിരിച്ചു എന്നറിഞ്ഞുകൊൾവിൻ. ഞാൻ കർത്താവിനെ വിളിക്കുമ്പോൾ അവൻ കേൾക്കും.

നിങ്ങൾ കോപിപ്പിൻ പാപം ചെയ്യരുത്. നിങ്ങളുടെ ഹൃദയങ്ങളിൽ പറയുകയും നിങ്ങളുടെ കിടക്കകളിന്മേൽ വിചാരിക്കുകയും ചെയ്‌വീൻ.

നിങ്ങൾ നീതിയുടെ ബലികളെക്കഴിച്ച് കർത്താവിൽ ആശ്രയിപ്പിൻ. നല്ലവനെ നമുക്ക് ആരു കാണിച്ചു തരുമെന്നും അവന്റെ മുഖപ്രകാശത്തെ നമ്മുടെ മേൽ വിരിക്കട്ടെയെന്നും പറയുന്നവർ പലരുണ്ട്.

കർത്താവേ അവരുടെ കോതമ്പും വീഞ്ഞും എണ്ണയും ഒരുമിച്ച് സമാധാനത്തോടെ വർദ്ധിച്ച കാലത്തേക്കാൾ എന്റെ ഹൃദയത്തിൽ നിന്റെ സന്തോഷം നീ തന്നു.ഞാൻ കിടന്നുറങ്ങും കർത്താവേ നീ മാത്രം എന്നെ അടക്കത്തോടെ വസിക്കുമാറാക്കും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു.ബാറെക്മോർ.

പ്രാർഥനയിൽ ഉറ്റിരിക്കുന്നവൻ ഭാഗ്യവാനാകുന്നു. അത് അവന് കോട്ടയും അഭയസ്ഥാനവും ആകുന്നു. ന്യായവിധിയുടെ ഭയങ്കര ദിവസത്തിൽ മശിഹായുടെ സിംഹാസനത്തിന്റെ മുമ്പിൽ അതു അവനെ മുഖകാന്തിയോടെ നിർത്തുകയും ചെയ്യുന്നു.(മൊറിയോ.)

ഞങ്ങളുടെ നാഥനായ കർത്താവേ നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനു നീ വരേണമേ. ഞങ്ങളുടെ അപേക്ഷ കേട്ടു ഞങ്ങളുടെ ആത്മാക്കൾ മേൽ കരുണ ചെയ്യേണമെ. തന്റെ മുഖം കണ്ണുനീരുകളാൽ നനയുമ്പോഴും കഷ്ടത നിറഞ്ഞ വിലാപത്തോടു കൂടിയ കരച്ചിലാൽ തന്റെ വായ് അടയ്ക്കപ്പെടുമ്പോഴും പാപി സ്നേഹിക്കപ്പെട്ടവനായിത്തീരുന്നു. അനുതാപിയുടെ കൺപോളകൾ ഒഴുക്കുന്ന കണ്ണുനീർത്തുള്ളികൾ പോലെ വിലയേറിയ രത്നങ്ങൾ പോലും ശ്രേഷ്ഠമാകുന്നില്ല. ദൈവമെ എന്നോട് ഉത്തരമരുളിചെയ്ത് എന്നോട് കരുണ ചെയ്യേണമേ. മനുഷ്യരുടെ ഹൃദയങ്ങളെ അനുതാപത്തിലേക്ക് തിരിപ്പിക്കുകയും ചെയ്യേണമേ. കുറി.കുറി. കുറി.

**ശയന നമസ്കാരം.മോർ അപ്രേമിന്റെ ബോവൂസോ .**

ഞങ്ങൾക്കുള്ള കർത്താവേ ഞാനിഹ നിദ്രയൊഴിഞ്ഞിട്ടു
ഉണർവോടേ നിൻ തിരുമുമ്പിൽ നിൽപാൻ കൃപ നീ നൽകേണമേ.
വീണ്ടും ഞാനുറങ്ങുന്നാകിൽ എനിക്കുള്ള എന്റെയുറക്കം
കർത്താവേ നിൻ തിരുമുമ്പിൽ ദോഷം കൂടാതാകണമേ.
എന്നുണർച്ചയിൽ ഞാൻ ചതി പെടുകിൽ
നിൻ നന്മയിൽ ഞാൻ പൊറുക്കപ്പെടും
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ
പൊറുപ്പാൻ കരുണ നീ ചെയ്യണമേ.
തവക്ഷീണത്തിൽ സ്കീപ്പായാൽ നല്ലയുറക്കമെനിക്കുനീ താ
ആകാ സ്വപ്നമശുദ്ധിയിൽ നിന്നെന്നെ നീ രക്ഷിച്ചു കൊള്ളണമെ
നിരപ്പു നിറഞ്ഞയുറക്കത്തിൽ രാവൊക്കെയെന്നെ നീ ഭരിക്ക
തണ്ര്യവരും വേണ്ടാ നിനവും എന്നിൽ മുഷ്കരമാക്കല്ലേ
6)നിന്റെ അടിയാൻ ഞാനതിനാലെന്റെ സന്ധുക്കൾ കാപ്പാനായ്
വെളിവിനുടെ മാലാഖായെ എനിക്കു നീ തരണംകർത്താവേ.
7)ദ്വേഷതപെട്ടയപേക്ഷയിൽ നിന്നെന്നെ നീ രക്ഷിച്ചു കൊള്ളേണമേ.
ഉയിർപെട്ട നിൻ ദേഹത്തെ ഞാനനുഭവിച്ചെന്നതിനാലേ.
8) ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ നിന്റെ ചോരയെനിക്കു കാവൽ
നിൻ മനച്ചിലിനുടെ സ്വതകർമ്മം നിൻ കൃപയോടെ നൽകണമേ.
9)നിൻ കൈ മനഞ്ഞ ശരീരത്തിൽ നിന്റെ വലത്തേതാകണമേ.
നിന്റെ കരുണകൾ കോട്ടയതായ് എനിക്കു നീ ചുറ്റിച്ചു കൊള്ളേണമേ.

(10). ശരീരമടങ്ങിയുറങ്ങുമ്പോൾ കാവലതായതു നിൻ ശക്തി
സൗരഭ്യമായ ധൂപം പോൽ എന്റെയുറക്കം തിരുമുമ്പിൽ.
നിന്നെപെറ്റാളമ്മയുടെ നിന്നോടുള്ളയപേക്ഷയാലെ
എനിക്കുള്ള ശയനത്തിന്മേൽ തിന്മപെട്ടവനണയരുതേ.
11) എനിക്കുവേണ്ടീട്ടുണ്ടായെന്നാ നിനക്കുള്ള പൂജയാലേ
എന്നെ വ്യസനത്തിലാക്കായ്‌വാൻ സാത്താനെ നീ മുടക്കണമേ.
12) കർത്താവേ നിൻ പറഞ്ഞൊപ്പ് എന്റെ പക്കൽ തികയ്ക്കണമേ.
നിനക്കുള്ള സ്ലീബായാലെ എന്റെ ആയുസ്സ് കാക്കണമേ.
13) ഞാനുണരപ്പെട്ടീടുമ്പോൾ നിന്നെ ഞാൻ കൊണ്ടാടുവാൻ
എന്റെ തളർച്ചയുടെ പക്കൽ നിന്റെ ഉപവി നീ കാട്ടണമേ.
14) നിൻ തിരുമനസ്സിനെ ഞാനറിഞ്ഞു് ഞാനതിനെ ചെയ്‌വാനായ്
നിന്തിരുമനഗുണമതിനാലേ എനിക്കു നീ മനോഗുണം ചെയ്യണമേ.
15) നിരപ്പു നിറഞ്ഞോരന്തിയും പുണ്യത്വത്തിനുടെ രാവും
ഞങ്ങളുടെ രക്ഷകാരൻ മശിഹാ കർത്താവേ അടിയാർക്കു നീ തരിക.
16) വെളിവിൽ താൻ പ്രകാശിച്ചു വെളിവിൽ ത്തന്നെ പാർക്കുന്നു
വെളിവിനുടെ സുതരായവരും നിന്നെത്തന്നെ വന്ദിക്കുന്നു.
17) നിനക്കു സ്തുതി നിന്നനുഗ്രഹങ്ങൾ ഞങ്ങളുടെ മേലുമതാകണമേ.
ഇഹലോകത്തിലുമതുപോലെ പരലോകത്തിലുമതാകണമേ.
18)എന്റെ കർത്താവേ നിനക്കു സ്തുതി നിനക്കു സ്തുതി നിനക്കു സ്തുതി
ആയിരങ്ങളുടെ ആയിരവും അളവുകൂടാതെ നിനക്കുസ്തുതി.
19)സ്വർഗ്ഗാദൂതർക്കുടയവനേ അവരാൽ മഹത്വപ്പെടുന്നവനേ,
വന്ദനവോടെ നിനക്കുസ്തുതി. പ്രാർത്ഥനകൾ കൈക്കൊള്ളണമേ.
20)ത്രീയേകമേ എകത്രീയാം എകദൈവമായുള്ള
പിത്രസുതപരിശുദ്ധാത്മാവാം സത്യ പരനേ നിനക്കു സ്തുതി.
21) ബലഹീനരുടെയപേക്ഷകളും അനുതാപികളുടെ കണ്ണുനീരും
മുൻഫലമായ കാഴ്ചകൾ പോൽ കൈക്കൊൾവോനേ നിനക്കു സ്തുതി.
22)സ്വർഗ്ഗാദൂതന്മാർ തന്നെ സ്തുതിയാൽ ഘോഷിക്കുന്നവനേ
പൂഴികളായവരിൽ നിന്നു അളവില്ലതെ നിനക്കുസ്തുതി.
23)പിതൃസുതപരിശുദ്ധാത്മാവാം ഏകദൈവത്തിൻ പക്കൽ
നിർമ്മലമായ ബോധത്താൽ സ്തോത്രം നാം ചെയ്തീടേണം.
24) കൊല്ലും വഞ്ചനയായുള്ള പൊന്നും വെള്ളിയും നേടേണ്ടാ
നിത്യജീവൻ പ്രാപിപ്പാൻ സത്യോപദേശം കേൾക്ക.

25)നാൽപതു നാൾ ഉപവസിക്ക വിശക്കുന്നവനപ്പം കൊടുക്ക
ഈശായ്സുതനേപ്പോൽ ദിനം ഏഴുവട്ടം പ്രാർഥിക്ക.
26)മൂശയുമേലീയായും നാൽപതുദിനം നോമ്പെടുത്തു.
നമ്മുടെ കർത്താവും നോറ്റു. ആകൽക്കറുസായേ ജയിച്ചു.
27)കടൽ കൂപാമഗ്നികളിൽ രക്ഷിച്ചെന്നാപ്രാർഥനകൾ
ഞങ്ങളുടെ നമസ്കാരങ്ങൾക്കു കൃപയുടെ വാതിൽ തുറക്കണമേ.
28)നമസ്കാരം കേൾക്കുന്നവനേ യാചനകൾ നൽകുന്നവനേ
ഞങ്ങളുടെ നമസ്കാരം കേട്ടു യാചനകൾ നൽകീടേണമേ.
കുറിയേലായിസോൻ. കുറിയേലായിസ്സോൻ. കുറിയേലായിസ്സോൻ.

## സൂത്താറാ പ്രാർഥനയുടെ മസുമൂറാ. 91, 120 മസുമൂറാ

**ബാറെക്മോർ** അത്യുന്നതന്റെ മറവിൽ വസിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ മനുഷ്യാ.

**ബാറെക്മോർ.** നീ കർത്താവിനോട്ട് എന്റെ ശരണവും എന്റെ സങ്കേത സ്ഥലവും ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നു എന്നു പറക.എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും വ്യർഥ സം സാരത്തിൽ നിന്നും നിന്നെ രക്ഷിക്കും. അവൻ തന്റെ തൂവലുകൾ കൊണ്ടു നിന്നെ രക്ഷിക്കും അവന്റെ ചിറകുകളുടെ കീഴിൽ നീ മറക്കപ്പെടും. അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും. നീ രാത്രിയിലെ ഭയത്തിൽ നിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല നിന്റെ ഒരു ഭാഗത്തുനിന്നു ആയിരങ്ങളും നിന്റെ വലതു ഭാഗത്തുനിന്നു പതിനായിരങ്ങളും വീഴും. അവർ നിങ്കലേക്കു അടുക്കുകയില്ല. എന്നാലോ നീ നിന്റെ കണ്ണുകൾ കൊണ്ടുതന്നെ കാണും. ദുഷ്ടന്മാർക്കുള്ള പ്രതിപകരത്തെ നീ കാണും. എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥല മാക്കിയ എന്റെ ശരണമായ കർത്താവു നീയാകുന്നു. ദോഷം നിന്നോട്ട് അടുക്കുകയില്ല. ശിക്ഷ നിന്റെ കൂടാരത്തിനു സമീപിക്കുകയില്ല. എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിനായിട്ടു അവൻ തന്റെ മാലാഖമാരോടു നിന്നെക്കുറിച്ചു കൽപിക്കും. നിന്റെ കാലിൽ നിനക്കു ഇടർച്ചയുണ്ടാകാതിരിപ്പാന്നായിട്ടു അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും. ഗോർസോ സർപ്പത്തേയും ഹെർമ്മോനോസർപ്പ ത്തേയും നീ ചവിട്ടും സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ടു ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ടു എന്നെ വിളിക്കും. ഞാൻ അവനോടു ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരിക്കും. അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും.ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തി പ്പെടുത്തും. എന്റെ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും. ഞാൻ പർവ്വതത്തിലേക്കു എന്റെ കൈകൾ ഉയർത്തും എന്റെ സഹായക്കാരൻ എവിടെ നിന്നു വരും എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു. അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല. എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല. ഉറങ്ങുന്നുമില്ല. നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവു തന്റെ വലത്തുകൈ കൊണ്ടു നിനക്കു നിനക്കു നിഴലിടും പകൽ സൂര്യനെ ങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല. കർത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും കർത്താവു നിന്റെ ആത്മാവിനെ കാത്തുകൊള്ളും. അവൻ നിന്റെ ഗമനത്തേയും നിന്റെ ആഗമനത്തേയുംഇതുമുതൽഎന്നേക്കുംകാത്തുകൊള്ളും. ദൈവമേ നിനക്കു സ്തുതി നിനക്കു യോഗ്യമാകുന്നു.**ബാറെക്മോർ.ഹാലേലൂയ്യാഹാലേലൂയ്യാഹാലേലൂയ്യാമെൻഓലംവാദാമോലഓലാംഒൽമീൻ .ആമീൻ.**

**അപേക്ഷ.** മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ചു ഞങ്ങളോടു കരുണ ചെയ്യേണമേ. സകലവും കേൾക്കുന്നവനേ നിന്റെ കരുണയാൽ നിന്റെ ദാസരുടെ അപേക്ഷ കേൾക്കേണമേ. മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ മശിഹാ നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നൽകേണമേ. ഞങ്ങളുടെ കണ്ണുകൾ നിന്റെ അടുക്കലേക്കു ഉയർത്തിയിരിക്കുന്നു. ഞങ്ങളുടെ ലംഘനങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യേണമേ. കർത്താവേ നിന്റെ കരുണ ഞങ്ങളെ മറച്ചു നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കേണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളേണമേ. ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലത്തു കൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കേണമേ. നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോട പേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമേ. നിന്നെ പ്രസവിച്ച മറിയാമിന്റേയും നിന്റെ സകല പരിശുദ്ധന്മാരുടേയും പ്രാർഥനയാൽ ദൈവമേ ഞങ്ങളുടെ ലംഘനങ്ങൾക്കു പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണ ചെയ്യേണമേ. **കൗമോ.**

# കൗമോ

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. വിശുദ്ധിയും മഹത്വമുള്ള ത്രീത്വമേ ഞങ്ങളോടു കരുണ ചെയ്യേണമേ. കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. വിശുദ്ധിയും മഹത്വവുമുള്ള ത്രീത്വമേ ഞങ്ങളോടു കരുണ ചെയ്യേണമെ. കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്നും എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. വിശുദ്ധിയും മഹത്വമുള്ള ത്രീത്വമേ ഞങ്ങളോടു കരുണ ചെയ്യേണമേ. നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടവനുമാകുന്നു. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി ഞങ്ങളുടെ ശരണവുമേ എന്നേക്കും നിനക്കു സ്തുതി. ബാറെക്മോർ. **സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.**

വിശ്വാസ പ്രമാണം. സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്ന് ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യ ദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു ഒന്നായിരിക്കുന്നവനും സകലവും താൻ മുഖാന്തരമായി നിർമ്മിച്ചവനും മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നുമിറങ്ങി പരിശുദ്ധറൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്നും ശരീരിയായിത്തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട് കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റവനും സ്വർഗ്ഗത്തിലേക്ക് കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമശിഹായായ ഏകകർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു. സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹീകവുമായ ഏക വിശുദ്ധസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിന് മാമോദീസാ ഒന്നു മാത്രമേയുള്ളു എന്ന് ഞങ്ങൾ ഏറ്റു പറഞ്ഞ് മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമീൻ. ബാറെഖ്മോർ. സ്തൗമൻ കാലോസ് കുറിയേലായിസ്സോൻ. കുറിയേലായിസോൻ. കുറിയേലായിസ്സോൻ.

# രാത്രിപ്രാർഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ നിന്റെ ഉണർവ്വിനെ സ്തുതിപ്പാനായിട്ട് പാപ മുഴകലിൽ നിന്നു ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തേണമേ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവും ആകുന്ന നിദ്രയിൽ നിന്നു ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമേ.പിതാവും !പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആകകൊണ്ട് നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേക്കും നിന്നെ സ്തുതിച്ച് പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ. ആമ്മീൻ.

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വിനയപ്പെട്ടുകയും നോമ്പു നോൽക്കേണ്ടിവരുകയും സാത്താനാൽ പരീക്ഷിക്കപ്പെടുകയും ചെയ്തവനായ മശിഹാതമ്പുരാനേ യോഗ്യമായ വിധത്തിൽ നോമ്പു നോൽക്കുവാനും ഞങ്ങളോടു യുദ്ധം ചെയ്യുന്ന സാത്താനെ ജയിപ്പാനും നിന്റെ സഹായം ഞങ്ങൾക്കുണ്ടാകണമേ.

ഞങ്ങളുടെ കർത്താവെ വഴിയും സത്യവും ജീവനും നീ ആകുന്നുവല്ലോ? നീ ഞങ്ങൾക്ക് വഴിതെളിയിച്ചു തരുകയും വാതിൽ തുറന്നുതരുകയും നിത്യജീവനിൽ പ്രവേശിപ്പാനും നിന്റെ വിശുദ്ധന്മാരോടുകൂടി ആനന്ദിപ്പാനും കൃപനൽകുകയും ചെയ്യേണമേ **.കുറിയേ...കുറിയേ ...കുറിയേ...**

കർത്താവേ! നീ കരുണാസമ്പൂർണനും ദയവാനും ആകുന്നു എന്നു ഞാൻ അറിയുന്നു. കരുണയ്ക്കായി യാചിക്കുന്നവരുടെ പ്രത്യാശയും കരുണാസമ്പൂർണനുമായ യേശുവേ! കരുണ യാചിക്കുന്ന പാപികളുടെ മേൽ കരുണയുടെ നാഴികയിൽ നിന്റെ കൃപയെ വർഷിപ്പിക്കേണമേ

**സ്തൗമെൻ കാലോസ്....**

എല്ലാക്കാര്യങ്ങളും ഞാൻ പരിശോധിച്ചിട്ടും ദൈവഭക്തിയേക്കാൾ വലുതായി യാതൊന്നും കണ്ടില്ല. അതിനെ സ്നേഹിക്കുന്നവൻ ഭാഗ്യവാൻ ആകുന്നു .നീതിമാനായ യൗസേഫ് അതിനെ സ്നേഹിക്കുകയും മെസ്രേനിൽ രാജാവാകുകയും ചെയ്തു. മോശ അതിനെ സ്നേഹിക്കുകയും തന്റെ വടി കൊണ്ടു സമുദ്രത്തെ ഭാഗിക്കുകയും ചെയ്തു.

ഹാനനിയാ ആദിയായവർ അതിനെ സ്നേഹിക്കുകയും അഗ്നിയിൽക്കൂടി അതു . അവരെ രക്ഷിക്കുകയും ചെയ്തു. ഇതു സ്വർണത്തേക്കാൾ മോഹനീയവും തേൻ . കട്ടയേക്കാൾ മാധുര്യവുമാകുന്നു ദൈവഭക്തിയെ സ്നേഹിക്കുന്നവൻ . .ഭാഗ്യവാനാകുന്നു

കർത്താവെ നിന്റെ ക്ഷമ എന്നിലേയ്ക്ക വരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവസരമുള്ളപ്പോൾ കരുണ യാചിപ്പാനായി എനിക്കു കണ്ണുനീരിനെ നൽകേണമേ. എന്തെന്നാൽ നിന്റെ കരുണയ്ക്കായി ഞാൻ ദാഹിച്ചിരിക്കുന്നു. കരുണയുടെ സമുദ്രമായുള്ളവേ! നിന്റെ കരുണാ സമൃദ്ധി എന്റെ മേൽ ഒഴുക്കണമേ

**രാത്രി പ്രാർത്ഥന രണ്ടാം കൗമോ.**

കർത്താവേ നിന്റെ പരിശുദ്ധനാമത്തെ ഞാൻ ഉപേക്ഷിച്ചില്ല. എന്റെ സ്നേഹിതർക്ക് ഞാൻ നിന്ദയായി ഭവിക്കരുതേ!. മനുഷ്യരുടെ മുമ്പാകെ ഞാൻ നിന്നെ ഏറ്റുപറഞ്ഞതുകൊണ്ടു് നിന്റെ പിതാവിന്റെ മുമ്പാകെ എന്നെ നീ ഏറ്റുപറയണമെ. നിന്റെ തിരുശരീര രക്തങ്ങളെ ഞാൻ അനുഭവിച്ചതിനാൽ നിന്റെ രാജ്യത്തിനും നിന്നോടുള്ള ആനന്ദത്തിനും എന്നെ അർഹനാക്കണമെ. നിന്റെ മാലാഖമാരുടെ മഹത്വത്തിൽ നീ വരുമ്പോൾ നിന്റെ കൃപയാൽ എന്റെ കടങ്ങളെ പരിഹരിക്കണമെ.**സ്തൗമെൻ കാലോസ് കുറിയേലായിസോൻ**

നല്ലപേര് സമ്പാദിക്കുന്നവൻ ഭാഗ്യവാനാകുന്നു.അത് സ്വർണ്ണത്തേക്കാളും വെള്ളിയേക്കാളും വലുതാകുന്നു. ലോകമോ നീങ്ങിപ്പോകുന്നു.നല്ല പേര് നീങ്ങി പ്പോകുന്നില്ല. ഉത്സാഹത്തോടെ അതിനെ നേടുന്നവൻ ഭാഗ്യവാനാകുന്നു. എന്തെന്നാൽ ഈ ലോകത്തിൽ അവൻ ബഹുമാനിക്കപ്പെടുകയും വരുവാനിരിക്കുന്ന ലോകത്തിൽ സ്വർഗ്ഗരാജ്യം അവകാശിക്കുകയും ചെയ്യുന്നു. **ബാറെക്മോർ.**

സകലത്തിന്റേയും ഉടയവനേ നിനക്കു സ്തുതി.നിന്നെ സ്തുതിക്കുന്നവരുടെ സ്തുതിയേക്കാൾ നിന്റെ മഹത്വം വലുതാകുന്നു. ഞങ്ങളുടെ സ്വഭാവത്തെ നീ അധികം സ്നേഹിച്ചു.ഞങ്ങളുടെ രക്ഷ നിമിത്തം നിനക്കു സ്തുതി.

**രാത്രി പ്രാർത്ഥന മൂന്നാം കൗമോ.**

കരുണകൾ നിറഞ്ഞിരിക്കുന്ന മഹാസമുദ്രമായ കർത്താവേ ചുഴലികളിൽ നിന്നു

പത്രോസിനെ യെന്ന പോലെ ഈ ലോകത്തിന്റെ ചുഴലികളിൽ നിന്നു എന്നേയും കോരിയെടുക്കണമേ. എന്തെന്നാൽ നിന്നിൽ ശരണം പ്രാപിക്കുന്നവർക്ക് സമാധാനം നിറഞ്ഞിരിക്കുന്ന തുറമുഖം നീയാകുന്നുവല്ലോ.

**സ്തൗമെൻ കാലോസു കുറിയേലായിസ്സോൻ**.

കർത്താവേ നിന്റെ സഭ നിന്റെ വാതിൽക്കൽ നിന്നുകൊണ്ടു മരത്തിനു മുകളിൽ വച്ചു അവൾക്കുവേണ്ടി നീ സഹിച്ച കഷ്ടപ്പാടുകൾമൂലം നിന്നോടു അപേക്ഷിക്കുന്നു. നിന്റെ സ്ലീബായുടെ വലിയ അടയാളത്താൽ സഭയുടെ മേലും അവളുടെ മക്കളുടെമേലും നീ കരുണ ചെയ്യേണമെ. മൊറിയോറാഹേമേലായ്ൻ ഊ ആദാറായിൻ.

പാപികളോട് കരുണ ചെയ്യുന്നവനേ നിന്റെ ന്യായവിധി ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യേണമേ. കരുണയുള്ളവനേ ഞെരുക്കത്തിലിരിക്കുന്നവർ നിന്റെ വാതുക്കൽ മുട്ടുന്നു. നിന്റെ കരുണയാൽ അവരുടെ യാചനകൾ നൽകേണമേ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളോട് കരുണ ചെയ്യേണമേ.

ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.. ഉ ഹാലേലൂയ്യാ...ദൈവമേ നിനക്കു സ്തുതി.

ഹാലേലൂയ്യാ ഉ ഹാലേലൂയ്യാഉഹാലേലൂയ്യാ...ദൈവമേ നിനക്കുസ്തുതി...
ഹാലേലൂയ്യാ ഉ  ഹാലേലൂയ്യാ ഉ  ഹാലേലൂയ്യാ.. ദൈവമേ നിനക്കു സ്തുതി.

കരുണയുള്ള ദൈവമേ നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യേണമേ.
**മൊറിയോ റാഹേം മേലൈൻ ഊ ആദാറൈൻ.**

ത്രീത്വത്തിനു സ്തുതി, ത്രീത്വത്തിനു സ്തുതി,  സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയമന്തവുമില്ലാത്തതുമായ ത്രീത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ എല്ലാ നേരത്തും  സ്തുതി നിനക്കു യോഗ്യമാകുന്നു.   ബാറെക്ക്മോർ.
വിവേകികൾക്ക് നോമ്പ് മാലാഖമാരുടെ ശോഭയും സ്വർഗത്തിലേക്കു പറക്കുവാനുള്ള ആത്മീയ ചിറകുകളും സമ്പാദിപ്പിക്കുന്നു. വാഗ്ദത്തമായ നിത്യജീവൻ നാമും അവകാശിക്കേണ്ടതിന് നോമ്പിന്റെ വെടിപ്പുള്ള ദിവസങ്ങളാൽ നാമും വെണ്മയുള്ളവരായിത്തീരണം..
**മൊറിയോ റാഹേം മേലൈൻ ഊ ആദാറൈൻ.**

തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തിയ കർത്താവെ ഞങ്ങളോടു കരുണചെയ്യേണമെ. ഞങ്ങൾക്ക് വേണ്ടി ഉപവസിച്ചവനായ മശിഹാ ഞങ്ങളുടെ നോമ്പും പ്രാർഥനയും കൈക്കൊള്ളണമേ.

**മാലാഖമാരുടെ സ്തുതിപ്പ്.          കൗമോ.**

## നോമ്പിലെ പ്രഭാതപ്രാർഥന.

ഒരു കൗമോ ചൊല്ലണം.

51)-0 സങ്കീർത്തനം ചൊല്ലിയതിനു ശേഷം ....

കർത്താവേ നിന്റെ കരുണയാൽ ഞങ്ങളെ നല്ലതും വളമുള്ളതുമായ നിലമാക്കിത്തീർക്കുകയും നിന്റെ കൽപനകളാകുന്ന വിത്ത് ഞങ്ങളിൽ വിതച്ച് മുളപ്പിച്ച് വളർത്തുകയും ചെയ്യേണമെ. സ്വർഗ്ഗീയ കൃഷിക്കാരനായ കർത്താവെ! ദുഷ്ടൻ ഞങ്ങളിൽ കളകൾ വിതയ്ക്കാതെ നിന്റെ കാവൽ ഉണ്ടായിരിക്കേണമേ. കുറിയേ..

19)-0സങ്കീർത്തനം,

(ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു... തുടർന്നു ചൊല്ലുക.)

രക്ഷിതാവെ ഞങ്ങൾ പാപക്കുഴിയിൽ വീണിരിക്കുന്നു നിന്റെ കരുണയാൽ അതിൽ നിന്നു ഞങ്ങളെ വലിച്ചു കയറ്റേണമെ. പ്രയോജനകരമായ ഈ നോമ്പിനെ ശരിയായി നിവർത്തിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യേണമെ .കരുണയോടെ ഞങ്ങളുടെ കറകളെ കഴുകി വെടിപ്പാക്കുകയും ചെയ്യേണമെ

.കുറിയേ. ഏശായാ. 42:10-13, 45:8.

(കർത്താവിനു ഒരു പുതിയ പാട്ടും...തുടർന്നു ചൊല്ലുക..)

ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി സാത്താനോടു യുദ്ധം ചെയ്ത് അവനെ മറിച്ചിട്ടവനായ കർത്താവേ! അവന്റെ ചതിവുകളിൽനിന്നും ഉപായ തന്ത്രങ്ങളിൽ നിന്നും ഞങ്ങളേ രക്ഷിക്കേണമേ. ഹാനാനിയാ ആദിയായ പൈതങ്ങളുടെ നോമ്പുമൂലം അവർ അഗ്നിയിൽ നിന്നു രക്ഷിക്കപ്പെട്ടതുപോലെ കർത്താവെ ഞങ്ങളുടെ നോമ്പു മൂലം അഗ്നി നരകത്തിൽ നിന്നു ഞങ്ങളേ രക്ഷിക്കേണമേ.

113-)0സങ്കീർത്തനം.

(പ്രകാശത്തിന്റെ സൃഷ്ടാവിനു സ്തുതി. . )

കന്യകമറിയാമിൽ നിന്നു ശരീരമെടുത്തു മനുഷ്യനായിത്തീർന്നു പാപികളായ ഞങ്ങളുടെ ഇടയിൽ പ്രവർത്തിക്കുകയും പരിശുദ്ധനോമ്പിനെ തോറ്റുപോകാത്ത ആയുധമായി ഞങ്ങൾക്കു തരികയും ചെയ്ത രക്ഷിതാവേ ! നിന്റെ ദൈവത്വത്തിന്നു ഇഷ്ടമായിരിക്കുന്ന അവസ്ഥയിൽ ജീവിച്ചു നിനക്ക് വാത്സല്യമുള്ളവരായിരിപ്പാൻ ഞങ്ങളേ യോഗ്യരാക്കേണമേ. സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ.

**നോ**മ്പിനാൽ പറുദീസായുടെ വാതിലുകൾ തുറക്കപ്പെടുന്നു.ശരിയായി അതിനെ . ആചരിക്കുന്നവർക്ക് മാലാഖമാരുടെ പ്രഭയും ഉയരത്തിലേക്കു കരേറുവാൻ ആത്മീയ ചിറകുകളും ലഭിയ്ക്കുന്നുമഹാകരുണയുള്ള ദൈവമേ ഞങ്ങളുടെ ഈ . നോമ്പിൽ നിന്റെ വരങ്ങളും സഹായങ്ങളും ധാരാളമായി ഞങ്ങൾക്ക് ചൊരിഞ്ഞു തരേണമെ. ബാറക്ക്മോർ.

മഹാകാരുണ്യവാനായ ദൈവമേ നിന്റെ വരങ്ങളെ ഞങ്ങൾക്കു വർദ്ധിപ്പിച്ചു തരണമെ. ദയവാനായ കർത്താവേ! ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ. നിന്നിൽനിന്നു എല്ലായ്പ്പോഴും വരങ്ങൾ ഒഴുകിക്കൊണ്ടിരിക്കുന്നതിനാൽ നിന്നെ വിളിക്കുന്ന പാപികളോടു നീയുത്തരമരുളിച്ചെയ്ത് അവരുടെ മേൽ നിന്റെ വരങ്ങളെ ഒഴുക്കണമെ. നിന്റെ വാതിൽക്കൽ മുട്ടുന്നവർക്കു തുറന്നു കൊടുക്കുകയും ചെയ്യേണമെ.

കർത്താവെ നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്കു തുറന്നുതരേണമെ. ദുഷ്ക്കാലങ്ങൾ ഞങ്ങൾക്കു വന്നു കൂടുമാറാകരുതെ. ഞങ്ങളുടെ മുമ്പിൽ നിന്റെ വാതിൽ അടച്ചുകളഞ്ഞാൽ പിന്നെ ഞങ്ങൾ എവിടെപ്പോയി മുട്ടേണ്ടു നിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങളുടെ നേരെ ദയവുതോന്നി ഞങ്ങളെ കൈവിട്ടു കളയാതിരിക്കണമെ. ഞങ്ങളുടെ അകൃത്യങ്ങളുടെ നാറ്റം നിമിത്തം നിന്റെ സന്നിധിയിൽ നിന്ന് ഞങ്ങളെ പുറത്തുതള്ളിക്കളയുകയുമരുതേ .

(.പ്രത്യേകപ്രാർഥനകൾചൊല്ലണം) **പ്രഭാതസ്തുതിപ്പ്**

സകലത്തിന്റേയും ഉടയവനായ കർത്താവേ ഈ ദിവസത്തിൽ പാപമലിനതകൾ കൂടാതെ നീതിയിൽ കാത്തുകൊള്ളപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ നീ എന്നേക്കും വാഴ്ത്തപ്പെട്ടവനും പുകഴ്ത്തപ്പെട്ടവനും തിരുനാമ മഹത്വത്തോടു കൂടിയിരിക്കുന്നവനുമാകുന്നു. ആമീൻ. കർത്താവേ ഞങ്ങളുടെ ശരണം നിന്റെമേൽ ഇരിക്കുന്നതുപോലെ നിന്റെ കൃപയും കരുണയും ഞങ്ങളുടെ മേൽ ഇരിക്കണമേ. കർത്താവേ നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കൽപനകളുടെ വഴി ഞങ്ങളെ പഠിപ്പിക്കുകയും കാണിക്കുകയും ചെയ്യണമേ. നീ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ! നിന്റെ കൃപയാൽ നിന്റെ വേദപ്രമാണങ്ങളുടെ വഴി ഞങ്ങളെ പഠിപ്പിക്കണമേ. നീ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധനായ കർത്താവേ നിന്റെ പ്രകാശങ്ങളാൽ ഞങ്ങളെ പ്രകാശിപ്പിക്കണമേ. നിന്റെ കരുണ എന്നേക്കും ഞങ്ങളുടെ മേൽ ഉണ്ടായിരിക്കട്ടെ. കർത്താവേ നിന്റെ കൈവേലയെ നീ നിരസിക്കരുതേ. നിനക്കു സ്തുതി യോഗ്യമാകുന്നു. നിനക്കു സ്തുതി ചേർച്ചയാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ ! എന്നേക്കും നിനക്കു മഹത്വം യുക്തമാകുന്നു. ആമ്മീൻ.

കർത്താവേ നിനക്കു സ്തോത്രം ചെയ്യുന്നതും ഉന്നതമായ നിന്റെ നാമത്തിന്നു പാടുന്നതും പ്രഭാതകാലത്ത് നിന്റെ കൃപയേയും രാത്രികാലങ്ങളിൽ നിന്റെ വിശ്വാസത്തേയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു.(repeat three times with prostrations.)

കർത്താവേ പ്രഭാത സമയത്ത് ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടുമാറാകണമേ. കർത്താവേ നിന്റെ ജനങ്ങളോട് കരുണ ചെയ്യണമേ. കർത്താവേ ഞങ്ങളെല്ലാവരുടേയും പാപങ്ങളെ പരിഹരിച്ച് ക്ഷമിക്കണമേ. പരിശുദ്ധനായുള്ളോവേ നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ രോഗങ്ങളിൽ നിന്ന് ഞങ്ങളെ സുഖപ്പെടുത്തണമേ.

നോമ്പിലെ പ്രഭാത പ്രാർഥനയുടെ സ്തുതിപ്പു മുതൽ കൗമോ വരെ ചൊല്ലിയതിനു ശേഷം ഒരുകൗമോയും കൂടി ചൊല്ലി അടുത്ത യാമം ആരംഭിക്കണം

## മൂന്നാം മണിയുടെ നമസ്കാരം.

പാപികളേ അവസാനമില്ലാത്ത അഗ്നിനരകത്തെ ഓർത്ത് ഭയപ്പെടുവിൻ. അന്യായത്തിൽ നിന്ന് നിങ്ങളുടെ ഹൃദയങ്ങളെ വെടിപ്പാക്കുവിൻ. കണ്ണുനീരുകളാൽ നിങ്ങളുടെ പാപക്കറകളെ കഴുകുവിൻ. സ്വർഗ്ഗീയ രാജാവിനെ അനുകൂലപ്പെടുത്തുവിൻ. അവൻ അവസാനനാളിൽ നിങ്ങൾക്ക് നിത്യാനന്ദത്തെ തരും. അവന് എന്നെന്നേക്കും സ്തുതിയോഗ്യമാകുന്നു.
ലോകാവസാനവും പ്രതികാരത്തിന്റെ നാളും അടുത്തിരിക്കുന്നതിനാൽ കർത്താവേ! നിന്റെ എതിരേൽപ്പിന്ന് ദീപങ്ങളെ തെളിയിച്ചുകൊണ്ടു ഒരുങ്ങിയിരിപ്പാൻ ഉണർവുള്ള ഹൃദയം ഞങ്ങൾക്ക് നൽകേണമേ. ആദാമിന്റെ മക്കളെല്ലാവരും ഉയിർത്തെഴുനേൽക്കുകയും ദുഷ്ടന്മാരും നല്ലവരും തമ്മിൽ വേർതിരിക്കപ്പെടുകയും ചെയ്യുന്ന സമയത്ത് കർത്താവേ! ഞങ്ങൾ നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ടു ഇടവിടാതെ നിനക്കു സ്തുതിപാടുവാൻ യോഗ്യരായിത്തീരുമാറാകണമേ.

## രണ്ടു കൗമോകൾ ചൊല്ലി ഉച്ചനമസ്കാരം ആരംഭിക്കണം.

ലോകമേ ഞാൻ നിന്നിൽ ഇരുന്നുകൊണ്ടു അനേകം പാപങ്ങൾ ചെയ്തു. നീ പാപങ്ങളുടെ സമുദ്രമാകുന്നു. ഞങ്ങളുടെ ദുഷ്ടമനസ്സു ഞങ്ങളെ ദുർഘട വഴിയിൽകൂടി നടത്തിയിരിക്കുന്നു. ന്യായവിധിയുടെ ദിവസത്തിൽനിന്നും എരിതീ ഒഴുകുന്ന ആറിൽ നിന്നും ഞങ്ങൾ ഭയപ്പെടുന്നു. കർത്താവേ നിന്റെ സ്ലീബായുടെ അടയാളം ഞങ്ങൾക്ക് കൂട്ടായിരിക്കേണമേ. അതുമൂലം ഞങ്ങൾ അഗ്നിനദിയെ കടന്നു നിന്റെ കൃപയിൽ ജീവിക്കുമാറാകണമേ.

ദരിദ്രർക്കും യാചകർക്കും കൊടുക്കാതെ ഭൂമിയിൽ ദ്രവ്യത്തെ ഒളിച്ചു വച്ചവർക്ക് കഷ്ടം. തീക്കനലുകൾ വീണ് നശിച്ചുപോകുന്നതായ ദ്രവ്യത്തെ ആശ്രയിച്ചു അതിപലിശ വാങ്ങുന്നവർക്കു കഷ്ടം ഉടുപ്പില്ലാത്തവരെ ഉടുപ്പിക്കുന്നവർ ഭാഗ്യവാന്മാർ. അവർപ്രകാശത്തിന്റെ മണവറയിൽ നാശമില്ലാത്ത മഹത്വം ധരിക്കും തങ്ങളുടെ മേശയിൽ നിന്നു പട്ടിണിക്കാരെ തൃപ്തിപ്പെടുത്തുന്നവരും ഭാഗ്യവാന്മാർ. അവർ സ്വർഗരാജ്യത്തിൽ ആനന്ദിക്കും കർത്താവേ! ഞങ്ങൾ നിന്നെ വിട്ടു ദ്രവ്യത്തിൽ ആശ്രയിച്ച് നിന്നിൽ നിന്നുള്ള കരുണകൾക്ക് അയോഗ്യരായിത്തീരുമാറാകരുതേ.

(തുടർന്നു "നിന്നെ പ്രസവിച്ച മാതാവിന്റേയും" എന്ന മാനീസ്സായും വിശ്വാസ പ്രമാണവും കൗമോയും ചൊല്ലി നാൽപതു കുമ്പിട്ടു നമസ്കാരം അവസാനിപ്പിക്കുക.)